# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

04.06.2018 — ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 401

## റേഷൻ കാർഡുകളുടെ അച്ചടിയും വിതരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>,, കെ.വി.വിജയദാസ്<br>,, എ. എൻ. ഷംസീർ<br>,, ആന്റണി ജോൺ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അന്തിമ റേഷൻ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം അനർഹരെന്ന് കണ്ടെത്തിയവരെ ഒഴിവാക്കിയതിൻ പ്രകാരം ഒഴിവുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ലഭ്യമായ അപേക്ഷകളിന്മേൽ അദാലത്തുകൾ നടത്തി പരിശോധനയിലൂടെ അർഹരാണെന്ന് കണ്ടെത്തിയവരെ പ്രസ്തുത പട്ടികയിൽ ഉണ്ടാകുന്ന ഒഴിവുകളുടേയും ലഭ്യമായ മാർക്കിന്റെയും അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) വളരെക്കാലമായി മുടങ്ങിക്കിടന്നിരുന്ന റേഷൻ കാർഡുകളുടെ അച്ചടിയും വിതരണവും പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) റേഷൻ കാർഡുകളുടെ അച്ചടിയും വിതരണവും പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) നിലവിൽ റേഷൻ കാർഡുകൾ ഇല്ലാത്ത വർക്ക് കാർഡുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ആദിവാസി ഊരുകളിലെ കുടംബങ്ങൾക്ക് റേഷൻ വിഹിതം എത്തിക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയിലൂടെ തൃശ്ശൂർ താലൂക്കിലെ പുത്തൂർ, പാണഞ്ചേരി പഞ്ചായത്തുകളിലായി ഏകദേശം 300ൽ പരം കുടുംബങ്ങൾക്ക് 14.07.2017 മുതൽ റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി പഞ്ചായത്തിലെ പെരിങ്ങൽക്കുത്ത് മേഖലയിലെ 296 ആദിവാസി കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതി പ്രകാരം 29.03.2018 മുതൽ വനംവകുപ്പിന്റെ സഹകരണത്തോടെ റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*